ദീർഘിപ്പിക്കുകയും ചെയ്തിട്ടുണ്ട്. കൂടുതൽ കടം ലഭ്യമാക്കുന്നതിനും, പലിശ കുറച്ചു കിട്ടുന്നതിനും വേണ്ടി ദേശവൽകൃത ബാങ്കുകളുമായും, നബാർഡുമായും കൂടിയാലോചനകൾ നടത്തുകയുണ്ടായി. അതിൽ അനുകൂല തീരുമാനം പ്രതീക്ഷിക്കുന്നു. കാർഷിക വായ്പകൾക്ക് 23-1-2004 മുതൽ ഒരു വർഷത്തേക്ക് മോറട്ടോറിയം പ്രഖ്യാപിച്ചിട്ടുണ്ട്. മോറട്ടോറിയം കാലാവധിയിൽ പലിശയും, പിഴപ്പലിശയും ഈടാക്കുന്നതിൽ ഇളവനുവദിച്ചിട്ടുണ്ട്. അതിനു പുറമേ പ്രസ്തുത കാലാവധിക്കുശേഷം വായ്പത്തുക യുക്തിസഹമായ രീതിയിൽ റീഷെഡ്യൂൾ ചെയ്യുന്നതുമാണ്. വിളവെടുപ്പു കാലത്ത് മാർക്കറ്റ് ഇടപെടലിലൂടെ വില താഴാതിരിക്കാനുള്ള നടപടികളും നടത്തുന്നുണ്ട്. ഇത്തരത്തിലുള്ള ആശ്വാസ, മുൻകരുതൽ നടപടികളുടെയും കൂടി അടിസ്ഥാനത്തിൽ ഒട്ടുമിക്ക കാർഷിക, തോട്ടം ഉൽപ്പന്നങ്ങളുടെയും വില ഈ ഗവൺമെന്റ് വന്നശേഷം വളരെ മെച്ചപ്പെട്ടിട്ടുണ്ട്. ഇനിയും ഈ മേഖലയിൽ പ്രായോഗികമായ കൂടുതൽ നടപടികൾ സ്വീകരിക്കുന്നതുമാണ്.

പ്ലാസ്റ്റിക് നിരോധനം

*24 [297] ശ്രീ. എ. എ. അസീസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്ലാസ്റ്റിക് നിരോധനം ഏർപ്പെടുത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ എന്നു മുതലാണ് എന്ന് വെളിപ്പെടുത്തുമോ;

(സി) സംസ്ഥാനത്ത് ഇപ്പോഴും വൻതോതിൽ പ്ലാസ്റ്റിക് ഉല്പന്നങ്ങൾ വിറ്റഴിക്കുന്നത് തടയാൻ നടപടി സ്വീകരിക്കുമോ?

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. ചെർക്കളം അബ്ദുള്ള):

(എ) ഉണ്ട്. ക്ലീൻ കേരള പദ്ധതിയോടനുബന്ധിച്ചുള്ള മാലിന്യ നിർമ്മാർജ്ജനത്തിന്റെ ഭാഗമായി 30 മൈക്രോണിൽ താഴെ കട്ടി വരുന്ന പ്ലാസ്റ്റിക് ക്യാരി ബാഗുകളുടെ നിർമ്മാണം, സംഭരണം, വിൽപ്പന, വിനിയോഗം, കടത്തിക്കൊണ്ടു പോകൽ എന്നിവയ്ക്ക് നിരോധനം ഏർപ്പെടുത്തിയിട്ടുണ്ട്.

(ബി) 2003 സെപ്റ്റംബർ 1-ാം തീയതി മുതൽ 30 മൈക്രോണിൽ താഴെ കട്ടി വരുന്ന പ്ലാസ്റ്റിക് ക്യാരി ബാഗുകളുടെ ഉപയോഗത്തിന് നിരോധനം ഏർപ്പെടുത്തിയിട്ടുണ്ട്.

(സി) നടപടി സ്വീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly